നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൈസിംഗ് സംവിധാനം

28 (*538) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ രംഗങ്ങളിൽ ഡിജിറ്റൈസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിവിധ ഹൈക്കോടതികളുടെയും സുപ്രീം കോടതിയുടേയും വിധിന്യായങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ ;

(സി) കേന്ദ്ര നിയമങ്ങൾ, സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങി എല്ലാ നിയമരേഖകളും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നടപ്പുവർഷം ഇത്തരത്തിൽ ഏതൊക്കെ നിയമങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത് ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന രംഗങ്ങളിലാണ് ഡിജിറ്റൈസേഷൻ നടപ്പിലാക്കിയിട്ടുള്ളത്.

1. നിയമവകുപ്പിന്റെ നവീകരണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഫയൽ ഫ്ളോ സംവിധാനമായ 'Law Information Management system' ത്തിലെ 'Knowledge Bank'-ൽ കേന്ദ്ര നിയമങ്ങളും, സംസ്ഥാന നിയമങ്ങളും, ചട്ടങ്ങളും, വിജ്ഞാപനങ്ങളും വിധിന്യായങ്ങളുമെല്ലാം ഡിജിറ്റൈസ് ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ കീഴിൽ ഇതുവരെ 7 ലക്ഷത്തിൽപ്പരം പേജുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്..

2. 2007-ൽ 'Digitization of Rare Law Books' എന്ന പദ്ധതിയുടെ കീഴിൽ നിയമവകുപ്പ് ലൈബ്രറിയിൽ ഉണ്ടായിരുന്ന തിരുവിതാംകൂർ-കൊച്ചി മാനുവൽ, തിരു-കൊച്ചി നിയമങ്ങൾ, വിളംബരങ്ങൾ തുടങ്ങിയവയടക്കമുള്ള പുസ്തകങ്ങളുടെ അപൂർവ്വശേഖരം കാലപ്പഴക്കത്താൽ നഷ്ടപ്പെട്ടു പോകാതിക്കുന്നതിനായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുകയുണ്ടായി. 200868 പേജുകൾ ഇങ്ങനെ ഡിജിറ്റൽ ലൈബ്രറിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

3. സംസ്ഥാനത്ത് നിലവിലുള്ളതും പുതുതായി നിർമ്മിക്കപ്പെടുന്നതുമായ ആക്റ്റുകളും ചട്ടങ്ങളും നിയമവകുപ്പിന്റെ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്ന പദ്ധതിയായ ലാപോർട്ടലിന്റെ കീഴിൽ ഏകദേശം ആയിരത്തോളം നിയമങ്ങൾ ഡിജിറ്റൈസ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഓർഡിനൻസുകളും ഗവൺമെന്റ് ഉത്തരവുകളും പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനത്തിലെ 'Knowledge Bank'-ൻ കീഴിൽ വിവിധ ഹൈക്കോടതികളുടേയും സുപ്രീം കോടതിയുടേയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള 2009 വരെയുള്ള എല്ലാ വിധിന്യായങ്ങളും ഡിജിറ്റൈസ് ചെയ്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളുമെല്ലാം ഡിജിറ്റൈസ് ചെയ്യുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട ഒരു വൻശേഖരം തന്നെയുള്ളതിനാൽ മുൻഗണനാക്രമത്തിലാണ് ഇവയുടെ ഡിജിറ്റൈസേഷൻ നടക്കുന്നത്.

(സി) കേന്ദ്ര നിയമങ്ങൾ, സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങി എല്ലാ നിയമരേഖകളും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷം നിലവിൽ വരുന്ന നിയമങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാംതന്നെ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

29 (*539) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം കെൽട്രോണിന്റെ ഉല്പാദനം എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ട് ;

(സി) കെൽട്രോണിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഡി) കെൽട്രോൺ പുതുതായി ഏതെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ഇ) കേന്ദ്ര സർക്കാരിന്റെ എത്ര കോടിരൂപയുടെ ഓർഡറുകൾ കെൽട്രോണിന് നേടാൻ കഴിഞ്ഞിട്ടുണ്ട് ;

(എഫ്) വിദേശരാജ്യങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly